LIBRARY ARCHIVES Kerala Legislative Assembly

**ഉത്തരം**

ഐ.ടി.ഐ. പ്രവേശനം ഓൺ ലൈൻ ആക്കുന്നതിനായി മെസ്സേഴ്സ് കെൽട്രോൺ മുഖാന്തരം സോഫ്റ്റ്‌വെയർ രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ വ്യാവസായിക പരിശീലന വകുപ്പ് ആരംഭിച്ചിട്ടുണ്ട്. 2013 ഏപ്രിൽ മാസം ഇതിനുള്ള സോഫ്റ്റ്‌വെയർ ലൈസൻസ് വാങ്ങുകയും ആയത് കസ്റ്റമൈസ് ചെയ്യുന്നതിനുള്ള നടപടികൾ കെൽട്രോൺ തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഇതിനുവേണ്ടി മെസേഴ്സ് കെൽട്രോണുമായി 1,39,77,458 രൂപയ്ക്കാണ് കരാറിൽ ഏർപ്പെട്ടിരുന്ന തെങ്കിലും 1,26,07,518 രൂപയാണ് വ്യാവസായിക പരിശീലന വകുപ്പ് മെസ്സേഴ്സ് കെൽട്രോണിന് നൽകിയിട്ടുള്ളത്. 2015-ലെ അഡ്മിഷൻ മുതൽ ഈ സോഫ്റ്റ്‌വെയർ പ്രാവർത്തികമാക്കാനുള്ള നടപടികൾ ട്രെയിനിംഗ് ഡയറക്ടർ സ്വീകരിച്ചിരുന്നു. എന്നാൽ ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് & ട്രെയിനിംഗ് (ഡി.ജി.ഇ.റ്റി.) രാജ്യമൊട്ടാകെ അവർ തായ്യാറാക്കിയിട്ടുള്ള എം.ഐ.എസ്. സോഫ്റ്റ്‌വെയറിലൂടെ പരിശീലനാർത്ഥികളുടെ പ്രവേശന നടപടികൾ നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം, എം.ഐ.എസ്. സോഫ്റ്റ്‌വെയറിൽ ഐ.ടി.ഐ. പരിശീലനാർത്ഥി കളുടെ വിവരങ്ങൾ നൽകുന്നതോടൊപ്പം തന്നെ വ്യാവസായിക പരിശീലന വകുപ്പ് തയ്യാർ ചെയ്തിട്ടുള്ള സോഫ്റ്റ്‌വെയറിലും പരിശീലനാർത്ഥികളുടെ വിവരങ്ങൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെന്ന് ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**കൊയിലാണ്ടി ഗവ. ഐ.ടി.ഐ.**

**205 (5008)** ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊയിലാണ്ടി ഗവ. ഐ.ടി.ഐ. വികസനവുമായി ബന്ധപ്പെട്ട് ഇതുവരെ ലഭിച്ച നിവേദനങ്ങൾ എത്ര ; ആരിൽ നിന്നെല്ലാം ; വിശദമാക്കാമോ ;

(ബി) ഗവ. ഐ.ടി.ഐ. അപ്ഗ്രേഡ് ചെയ്ത് കൂടുതൽ കോഴ്സുകളും സംവിധാനങ്ങളും അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ ?

**ഉത്തരം**

(എ) കൊയിലാണ്ടി ഗവ. ഐ.ടി.ഐ.യുടെ വികസനവുമായി ബന്ധപ്പെട്ട് ഗവ. ഐ.ടി.ഐ. കൊയിലാണ്ടി വികസന കമ്മിറ്റി ചെയർമാൻ ശ്രീ. യു.കെ.ഡി. അടിയോടിയിൽനിന്നും ബഹു. കൊയിലാണ്ടി എം.എൽ.എ. ശ്രീ. കെ. ദാസൻ

LIBRARY ARCHIVES Kerala Legislative Assembly

അവർകൾ മുഖാന്തരം കൊയിലാണ്ടി ഗവ. ഐ.ടി.ഐ. പി.ടി.എ. പ്രസിഡന്റുമാരായിരുന്ന ശ്രീ. പി. കെ. രവീന്ദ്രൻ, ശ്രീ. ഗംഗാധരൻ കിടാവ് എന്നിവരിൽ നിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) കൊയിലാണ്ടി ഗവ. ഐ.ടി.ഐ.-യെ ഒന്നാം നിര ഐ.ടി.ഐ-യായി ഉയർത്തുന്നതിനുള്ള ശിപാർശ 2013-14-ലെ ബഡ്ജറ്റിൽ സമർപ്പിച്ചിരുന്നു. എന്നാൽ ആയത് സംബന്ധിച്ച പ്രഖ്യാപനം ആ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിരുന്നില്ല. 2014-15, 2015-16 വർഷങ്ങളിലെ ബഡ്ജറ്റിലും കൊയിലാണ്ടി ഐ.ടി.ഐ. യെ ഒന്നാം നിരയായി ഉയർത്തുന്നതിന് തുക വകയിരുത്തിയിട്ടില്ല

## മാവേലിക്കര മണ്ഡലത്തിലെ ഉമ്പർനാട് ഐ.ടി.ഐ.

**206 (5009)** ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിലെ ഉമ്പർനാട് പട്ടികജാതി-ക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.യിൽ നിലവിലുള്ള കോഴ്സുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇവിടെ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള നിർദ്ദേശം ലഭ്യമായിട്ടുണ്ടോയെന്ന വ്യക്തമാക്കുമോ ?

### ഉത്തരം

(എ) പട്ടികജാതിക്ഷേമവകുപ്പിന്റെ കീഴിൽ മാവേലിക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.യിൽ കാർപെന്റർ, മെക്കാനിക്ക്, റേഡിയോ & ടെലിവിഷൻ എന്നീ കോഴ്സുകളാണുള്ളത്.

(ബി) പട്ടികജാതിക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ടി ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടത് പട്ടികജാതി ക്ഷേമ വകുപ്പാണ്.

(സി) പട്ടികജാതി ക്ഷേമ വകുപ്പിൽനിന്നും ഈ വകുപ്പിൽ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.